പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6416 — 21.11.2019- ൽ മറുപടിക്ക്

**തലശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എൻ. ഷംസീർ: | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി, പുളിഞ്ഞോളിക്കടവ്, കണ്ടുചിറ എന്നീ പാലങ്ങളുടെ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഇരഞ്ഞോളി പാലവുമായി ബന്ധപ്പെട്ട നാല് സ്പാനുകളാണ് പണിയാനുള്ളത്. ഇതിന്റെ പിയറുകളെല്ലാം തന്നെ പിയർ ക്യാപ്പ് വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ട് അബട്ട്മെന്റുകളിൽ ഒന്നിന്റെ പൈലിംഗ് ജോലികൾ പൂർത്തീകരിക്കുകയും മറ്റേതിന്റെ പൈലിംഗ് ജോലികൾ അവസാനഘട്ടത്തിലുമാണ്. ഇതിന്റെ ഗർഡറുകളെല്ലാം തന്നെ നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. പുളിഞ്ഞോളിക്കടവ്, കണ്ടുചിറ എന്നീ പാലങ്ങൾ സംസ്ഥാന ജലപാതയുടെ അലൈൻമെന്റിൽ വരുന്നതിനാൽ പ്രസ്തുത പാലങ്ങളുടെ പുതുക്കിയ ഡിസൈൻ ലഭിക്കുന്നതിനായി ഡിസൈൻ വിങ്ങിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ പൂർത്തിയായി ലഭിച്ച് കഴിഞ്ഞാൽ സാമ്പത്തികാനുമതിയ്ക്കായി ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുവാൻ കഴിയും. |
| (ബി) | പ്രസ്തുത പാലങ്ങളുടെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ? | (ബി) | എരഞ്ഞോളി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ പൂർത്തികരിക്കേണ്ടതുണ്ട്. ഇത് 2020 ഫെബ്രുവരി മാസത്തോടുകൂടി പൂർത്തികരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിൻ പ്രകാരം പാലത്തിന്റെ പണികൾ എല്ലാംതന്നെ 2020 ഓടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പുളിഞ്ഞോളിക്കടവ്, കണ്ടുചിറ എന്നീ പാലങ്ങളുടെ ഡിസൈൻ ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ